**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പത്ത് ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള റോഡ് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

സ.ഉ.(സാധാ.)നമ്പർ 115/2011/തസ്വഭവ                തിരുവനന്തപുരം, തീയതി: 12-01-2011

പരാമർശം:
(1) സ.ഉ.(എം.എസ്) നമ്പർ 289/2007/തസ്വഭവ, തീയതി. 22.12.2007
(2) സ.ഉ.(എം.എസ്) നമ്പർ 275/2008/തസ്വഭവ, തീയതി. 13.10.2008
(3) സ.ഉ.(എം.എസ്) നമ്പർ 328/2008/തസ്വഭവ; തീയതി 11.12.2008
(4) സ.ഉ.(എം.എസ്) നമ്പർ 111/2009/തസ്വഭവ; തീയതി 18.06.2009
(5) സ.ഉ. (എം.എസ്) നമ്പർ 32/2010/തസ്വഭവ ;തീയതി 22.02.2010
(6) സ.ഉ.(സാധാ) നമ്പർ. 1320/2010/തസ്വഭവ;തീയതി 16.04.2010

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്ത് ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള റോഡ് പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകുവാൻ 2007 മുതൽ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഓരോ പ്രാവശ്യം ഷെഡ്യൂൾ നിരക്കുകൾ പരിഷ്ക്കരിക്കുമ്പോഴും പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്ന രീതിയാണ് ഇതുവരെ അവലംബിച്ചു വന്നിരുന്നത്. 2010-ലെ ഷെഡ്യൂൾ നിരക്കുകൾ പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ ടാർ വാങ്ങി നൽകുന്നത് അനുവദിനീയമാണോയെന്ന് വ്യക്തമാക്കണമെന്ന് നിരവധി തദ്ദേശഭരണ സ്ഥാപങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

2.സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന റോഡ് പ്രവൃത്തികൾക്ക് ചുവടെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ടാർ വാങ്ങി നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

2.1 പത്ത് (10) ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള റോഡ് പ്രവൃത്തികൾക്ക് മാത്രമേ ടാർ വാങ്ങി നൽകാൻ പാടുള്ളൂ.

2.2 തദ്ദേശഭരണ സ്ഥാപനം ടാർ വാങ്ങി നൽകുമെങ്കിൽ അക്കാര്യം ടെണ്ടർ പരസ്യത്തിൽ വ്യക്തമാക്കുകയും കരാറിൽ വ്യവസ്ഥ ചെയ്യുകയും വേണം. അപ്രകാരമല്ലാതെയുള്ള പ്രവൃത്തികൾക്ക് ടാർ വാങ്ങി നൽകാൻ പാടില്ല.

2.3 പൊതുമേഖലാ എണ്ണ കമ്പനികളിൽ നിന്നോ കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷനിൽ (സിഡ്കോ) നിന്നോ ആയിരിക്കണം ടാർ വാങ്ങി നൽകേണ്ടത്.

2.4 പൊതുമേഖലാ എണ്ണ കമ്പനികളിൽ നിന്നുമാണ് ടാർ വാങ്ങുന്നതെങ്കിൽ കൊച്ചി, മംഗലാപുരം എന്നിവിടങ്ങളിൽ ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന എണ്ണ കമ്പനികളിൽ നിന്നായിരിക്കണം ടാർ വാങ്ങേണ്ടത്.

2.5 പൊതുമേഖലാ എണ്ണ കമ്പനിയിൽ നിന്നും ടാർ വാങ്ങുന്ന അവസരത്തിൽ ഒറിജിനൽ ബില്ല് പ്രോജക്ട് രേഖയോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

2.6 സിഡ്കോയിൽ നിന്നും ടാർ വാങ്ങി നൽകുന്ന അവസരത്തിൽ പരാമർശം 6 പ്രകാരം നിശ്ചയിച്ചിട്ടുള്ള താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

(1) പൊതുമേഖലാ എണ്ണകമ്പനികൾ നൽകുന്ന അതേ വിലയിൽ സിഡ്കോ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടാർ വിതരണം ചെയ്യേണ്ടതാണ്.

(2) എണ്ണ കമ്പനികളിൽ നിന്ന് ടാർ വാങ്ങുമ്പോൾ നൽകേണ്ടി വരുന്ന കയറ്റുകൂലി സിഡ്കോ നൽകേണ്ടതാണ്.

(3) ഇറക്കുമതി ചെയ്യുന്ന ടാറിന് മെട്രിക് ടണ്ണിന് 350 രൂപ മുതൽ 400 രൂപ വരെ സിഡ്കോ ഡിസ്ക്കൗണ്ട് അനുവദിക്കേണ്ടതാണ്.

(4) ടെണ്ടർ മുഖേന നിശ്ചയിക്കുന്ന ട്രാൻസ്പോർട്ടേഷൻ കരാറുകാരന്റെ സേവനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സിഡ്കോ ലഭ്യമാക്കേണ്ടതാണ്.

(5) ടാർ വാങ്ങുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സിഡ്കോ നൽകുന്ന ബില്ലിൽ എണ്ണ കമ്പനി സിഡ്കോയ്ക്ക് നൽകിയ ബില്ലിന്റെ റഫറൻസ് കൂടി കാണിക്കേണ്ടതാണ്.

(6) സിഡ്കോ നൽകുന്ന ബില്ല് പ്രോജക്ട് രേഖകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

2.7 ഓരോ പ്രവൃത്തിക്കും വാങ്ങി നൽകുന്ന ടാറിന്റെ അളവിനെ സംബന്ധിച്ച വിവരങ്ങൾ ആ പ്രവൃത്തി നടപ്പാക്കുന്ന പ്രദേശത്ത് തദ്ദേശഭരണ സ്ഥാപനം വ്യാപകമായി പരസ്യം ചെയ്യണം.

2.8 പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള വില മാത്രമെ റിക്കവറി നടത്താൻ പാടുള്ളൂ. ടാർ വാങ്ങുന്നതിന് നൽകേണ്ടി വരുന്ന അധിക തുകയും കടത്തുകൂലിയും പ്രോജക്ടിൽ പ്രത്യേകം വകയിരുത്തണം. അധിക തുക കണ്ടെത്തുന്നതിന് പരാമർശം 3 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പാലിച്ച് വാർഷിക പദ്ധതി ഭേദഗതി ചെയ്യാവുന്നതാണ്.

3 പത്ത് ടണ്ണിൽ കുറവ് ടാർ ആവശ്യമുള്ള ഒരു റോഡ് പ്രവൃത്തിക്ക് കരാറുകാരൻ/അക്രഡിറ്റഡ് ഏജൻസി/ഗുണഭോക്തൃ സമിതി ടാർ നേരിട്ട് വാങ്ങി ഉപയോഗിക്കുകയാണെങ്കിൽ ടെണ്ടർ പരസ്യത്തിൽ ഇക്കാര്യം വ്യക്തമാക്കുകയും കരാറിൽ വ്യവസ്ഥപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ മാത്രം ഈ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ഒറിജിനൽ ബില്ല് പ്രകാരമുള്ള തുക അനുവദിക്കാവുന്നതാണ്. അത്തരം സന്ദർഭത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ടാർ ലഭ്യമാക്കിയിട്ടുണ്ടെന്നും അത് പൂർണ്ണമായും പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുണ്ടെന്നുമുള്ള എഞ്ചിനിയറുടെ സാക്ഷ്യപത്രം നിർബന്ധമാണ്. അതുപോലെ ഒറിജിനൽ ബില്ല് പ്രോജക്ട് രേഖയോടൊപ്പം നിർബന്ധമായി സൂക്ഷിക്കുകയും വേണം.

4 ടെണ്ടർ ചെയ്ത് നടപ്പാക്കുന്ന പ്രവൃത്തികൾക്ക് പുറമെ അക്രഡിറ്റഡ് ഏജൻസികൾ, ഗുണഭോക്തൃ സമിതികൾ എന്നിവ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്കും ഈ ഉത്തരവിലെ മാർഗിർദ്ദേശങ്ങൾ ബാധകമായിരിക്കും.

5 2010–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം നടപ്പാക്കുന്ന റോഡ് പ്രവൃത്തികൾക്ക് ഇതിനകം ടാർ ലഭ്യമാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് ടാർ ലഭ്യമാക്കിയതെങ്കിൽ പ്രസ്തുത നടപടിക്ക് സാധൂകരണം ലഭിച്ചതായി കണക്കാക്കാവുന്നതാണ്.

6 ഷെഡ്യൂൾ നിരക്കുകൾ സർക്കാർ ഭാവിയിൽ പരിഷ്ക്കരിച്ചാലും ഈ ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾ തുടർന്നും, മറിച്ചൊരു ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ, പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

8 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
18 എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
19 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
20 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
25 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
27 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
30 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
31 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
32 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്